# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3209 03.04.2013 - ലെ മറുപടിയ്ക്ക്

## പൊതുസർവീസ് രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. കൃഷ്ണൻ | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പുമന്ത്രി |
| (എ) | 2011 ഏപ്രിൽ മുതൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച് പൊതു സർവീസ് രൂപീകരിച്ചതിന്റെ ഭാഗമായി സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ തദ്ദേശസ്വയം ഭരണ വകുപ്പു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തര വായതു പ്രകാരം സ്പെഷ്യൽ റൂൾ തയ്യാറായിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | ഇല്ലെങ്കിൽ കാലതാമസം വന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ പൊതുസർവീസ് നടപ്പിലാക്കുന്നതു സംബന്ധിച്ചു ണ്ടാകാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ, സർവീസ് പ്രശ്ന ങ്ങൾ എന്നിവ കൂടി കണക്കിലെ ടുത്തു കൊണ്ട് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, തദ്ദേശസ്വയം ഭരണ ചീഫ് എഞ്ചിനീയർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായതിനു ശേഷം മാത്രമേ പൊതുസർവീസിന് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന തിനുള്ള നടപടികൾ ആരംഭിക്കു ന്നതു സംബന്ധിച്ച് തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | പൊതുസർവീസ് രൂപീകരിച്ച മുൻ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ റദ്ദ് ചെയ്ത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | ബാധകമല്ല |

Sheejile

സെക്ഷൻ ഓഫീസർ